# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.331

## 12-11-2019 ൽ മറുപടിക്ക്

## കിഫ്ബി, കിയാൽ എന്നിവയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം. സി. കമറുദ്ദീൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി, കിയാൽ എന്നിവയെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | കിഫ്ബി C & AG ഓഡിറ്റിന് വിധേയമാണ്. കിഫ്ബിയെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. CAG - DPC Act, 1971 (സി&എജിയുടെ കടമകളും, അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ട്) ലെ സെക്ഷൻ 14(1) പ്രകാരം കിഫ്ബി നിലവിൽ സി&എജി ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി&എ.ജിയെ അറിയിക്കുകയും അതിൻപ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പടെ എല്ലാം രേഖകളും പരിശോധിക്കുവാനുള്ള സൗകര്യങ്ങളും ഓഡിറ്റ് ഉദ്യോഗസ്ഥർക്കു നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്.<br><br>കണ്ണൂർ വിമാനത്താവള കമ്പനിയിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ആർട്ടിക്കിൾസ് പ്രകാരം ഡയറക്ടർ ബോർഡിൽ മൂന്നിലൊന്ന് ഡയറക്ടർമാരെ സർക്കാരിന് നിയമിക്കാം എന്ന അവകാശത്തിനു പുറമേ മറ്റെന്തെങ്കിലും അധികാരങ്ങൾ സർക്കാരിനു കൊടുക്കുന്ന ധാരണാ പത്രങ്ങളോ ഷെയർ ഹോൾഡേഴ്സ് |

| | |
|---|---|
| | എഗ്രിമെന്റോ വോട്ടിംഗ് എഗ്രിമെന്റോ നിലവിലില്ല. സർക്കാരിന് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡിൽ ഭൂരിപക്ഷം ഇല്ലാത്തതിനാലും മറ്റ് നിയന്ത്രണങ്ങൾ ഒന്നും ഇല്ലാത്തിനാലും മുകളിൽ സൂചിപ്പിച്ച മറ്റ വ്യവസ്ഥകൾ കൂടി കണിക്കിലെടുത്തും പാർലമെന്റ് പാസ്സാക്കിയ 2013 ലെ കമ്പനി നിയമമനുസരിച്ച് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഒരു സർക്കാർ കമ്പനിയോ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയോ അല്ല. ആയതു കാരണം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത് കമ്പനിയുടെ ഉടമസ്ഥരായ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർ ആണ്. മേൽ കാരണങ്ങളാൽ കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സി ആന്റ് എജിക്ക് അധികാരമില്ലായെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി കത്ത് നൽകിയിരുന്നു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും ഈ നിലയിൽ തന്നെയാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവള കമ്പനിയെ ഏതു വിധത്തിൽ ഓഡിറ്റ് ചെയ്യണമെന്ന് സർക്കാരിന് നിഷ്കർഷിക്കാനാകില്ല. |
| (ബി) കേന്ദ്ര കോർപ്പറേറ്റ്കാര്യ മന്ത്രാലയ നിയമപ്രകാരം കിഫ്ബി, കിയാൽ എന്നിവ പൊതുമേഖലാ സ്ഥാപനമോ കമ്പനിയോ ആയി കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ ഏത് രീതിയിലുള്ള സ്ഥാപനങ്ങളായാണ് നിലനിൽക്കുന്നത്; വ്യക്തമാക്കുമോ? | കേരള നിയമസഭാ പാസ്സാക്കിയ കിഫ് ആക്ടിനാൽ 1999 ൽ രൂപീകൃതമായ സ്ഥാപനമാണ് കിഫ്ബി. ഇത് സ്റ്റാറ്റ്യൂട്ടറി ബോഡി കോർപ്പറേറ്റ് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.<br>കമ്പനി നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു അൺ ലിസ്റ്റഡ് പബ്ലിക് കമ്പനിയാണ് കിയാൽ. ഇതിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. |

**സെക്ഷൻ ഓഫീസർ**